**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊല്ലം ആശ്രാമത്തെ കണ്ടൽകാട്ടുകൾ ഉൾപ്പെടുന്ന ജൈവ വൈവിധ്യ മേഖലയിൽ വൻതോതിൽ മാലിന്യ നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാലിന്യ നിക്ഷേപം തടയുന്നതിനാവശ്യമായ അടിയന്തര തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു മാനേജ്മെന്റ് പ്ലാൻ (2020-21 to 2025-26) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ജൈവ വൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ മേഖലയിൽ കൊല്ലം കോർപ്പറേഷൻ ബി.എം.സി.യുടെ സഹകരണത്തോടെ ഒരു ശലഭോദ്യാനം തയ്യാറാക്കുന്നതിന് 2020-21 വർഷത്തെ പ്ലാൻ സ്കീമിലുൾപ്പെടുത്തി ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യക്ക് ആകെ 6,62,612/- രൂപ ബോർഡ് അനുവദിക്കുകയും, ആദ്യ ഗഡുവായി 40% ഫണ്ട് ( രൂ.ക 265045/-രൂപ) ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പി ലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തോടനുബന്ധിച്ച് ജില്ലാ കളക്ടർ അനുവദിച്ച 10 സെന്റ് സ്ഥലത്താണ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ ശലഭോദ്യാനത്തിന്റെ നിർമ്മാണം നടന്നുവരുന്നത്.<br><br>കൂടാതെ, ആശ്രാമം ജൈവ പൈതൃക കേന്ദ്രത്തിന്റെ മേഖലയിൽ തന്നെ മിയാവാക്കി പദ്ധതി നടപ്പിലാക്കുന്നതിന് കൊല്ലം കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | ബി.എം.സി.യ്ക്ക് 2020-21 ൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി ആകെ 4 ലക്ഷം രൂപ ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതിക നിർവ്വഹണത്തിന് അഗ്രിക്കൾച്ചർ & എക്കോ സിസ്റ്റം മാനേജ്മെന്റ് ഗ്രൂപ്പ് (AGES), കവടിയാർ, തിരുവനന്തപുരം എന്ന ഏജൻസിയെ ബോർഡ് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതിയ്ക്കായി കണ്ടെത്തിയ നിർദ്ദിഷ്ട സ്ഥലത്ത്, പദ്ധതി നിർവ്വഹണത്തിന് കൊല്ലം കളക്ടറേറ്റിൽ നിന്നും അനുമതി കിട്ടാത്തതിനാലും, മറ്റ് അനുയോജ്യമായ സ്ഥലം ജൈവവൈവിധ്യ പൈതൃക മേഖലയിൽ കണ്ടെത്താൻ സാധിക്കാത്തതിനാലും, കൊല്ലം കോർപ്പറേഷൻ ബി.എം.സി.യുടെ തന്നെ പരിധിയിൽ വരുന്ന അനുയോജ്യമായിട്ടുള്ള മറ്റൊരു സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ബി.എം.സി. നടപടി കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ